1

നിത്യജീവിതത്തിലെ ഏതാനും ചില പ്രാർഥനകൾ

1. വെറുപ്പുളവാകുന്ന കാര്യം സംഭവിച്ചാൽ

الْحَمْدُ لِلَّهِ عَلَى كُلِّ حَالٍ

“എല്ലാ അവസ്ഥയിലും സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു.” (മുസ്‌ലിം)

2. പരീക്ഷിക്കപ്പെട്ടവനെ കണ്ടാൽ

الْحَمْدُ لِلَّهِ الَّذِي عَافَانِي مِمَّا ابْتَلاكَ بِهِ ، وَفَضَّلَنِي عَلَى كَثِيرٍ مِمَّنْ خَلَقَ تَفْضِيلا

“നിന്നെ ബാധിച്ച പരീക്ഷണത്തിൽ നിന്ന് എനിക്ക് സൗഖ്യം നൽകുകയും സൃഷ്ടികളിൽ അനേകമാളുകളേക്കാൾ എന്നെ ഉൽകൃഷ്ടനാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ സ്തുതിയും”. (തുർമുദി)

പരീക്ഷിക്കപ്പെട്ടവനെ കാണുമ്പോൾ ഇപ്രകാരം പറഞ്ഞാൽ അല്ലാഹു അയാൾക്ക് ആ വിപത്തിൽ നിന്ന് സംരക്ഷണം നൽകാതിരിക്കില്ലെന്ന് നബിﷺപറയുകയുണ്ടായി.

3. വല്ല ആപത്തും ബാധിച്ചാൽ

إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ، اللَّهُمَّ أْجُرْنِي فِي مُصِيبَتِي، وَاخْلُفْ لِي بِخَيْرٍ مِنْهَا

“ഞങ്ങൾ അല്ലാഹുവിനുള്ളവരാണ്, ഞങ്ങൾ അവങ്കലേക്ക് മടക്കപ്പെടുന്നതാണ്, അല്ലാഹുവേ, എന്റെ വിപത്തിൽ എനിക്ക് നീ പ്രതിഫലം നൽകുകയും ഇതിനേക്കാൾ ഉത്തമമായത് പകരം നൽകുകയും ചെയ്യേണമേ”. (മുസ്‌ലിം)

4. എന്തെങ്കിലും സംഭവിച്ചുകഴിഞ്ഞാൽ

قَدَرُ اللَّهِ وَمَا شَاءَ فَعَلَ

“ഇത് അല്ലാഹുവിന്റെ വിധിയാണ്, അവൻ ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നു”. (മുസ്‌ലിം)

5. ദേഷ്യം വന്നാൽ

أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ

“ശപിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിനോട് രക്ഷതേടുന്നു.” (മുസ്‌ലിം)

6. തുമ്മിയാൽ

ഒരാൾ തുമ്മിയാൽ അവൻ اَلْحَمْدُ لِلَّه (സർവസ്തുതിയും അല്ലാഹുവിനാണ്) എന്ന് പറയുക, അത് കേട്ടവൻ يَرْحَمُكَ اللَّه (അല്ലാഹു നിനക്ക് കരുണ ചൊരിയട്ടെ) എന്ന് പറയുക, അപ്പോൾ തുമ്മിയവൻ يَهْدِيكُمُ اللَّهُ وَيُصْلِحُ بَالَكُمْ (അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കുകയും നിങ്ങളുടെ അവസ്ഥ നന്നാക്കിത്തരികയും ചെയ്യട്ടെ) എന്ന് പറയുക. (ബുഖാരി)

7. നല്ല കാര്യം ചെയ്തവന് വേണ്ടിയുള്ള പ്രാർഥന

جَزَاكَ اللَّهُ خَيْرًا

"അല്ലാഹു താങ്കൾക്ക് പ്രതിഫലം നൽകട്ടെ". (തുർമുദി)

8. സദസ് പിരിയുമ്പോൾ (കഫ്ഫാറത്തുൽ മജ്‌ലിസ്)

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لا إِلَهَ إِلا أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ

"അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നീ അല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിന്നോട് പാപമോചനത്തിനായി തേടുകയും നിന്നിലേക്ക് പശ്ചാതപിച്ച് മടങ്ങുകയും ചെയ്യുന്നു". (തുർമുദി)

9. ശകുനത്തിനുള്ള പ്രായശ്ചിത്തം

اللَّهُمَّ لَا خَيْرَ إِلَّا خَيْرُكَ وَلَا طَيْرَ إِلَّا طَيْرُكَ وَلَا إِلَهَ غَيْرُكَ

"അല്ലാഹുവേ, നിന്റെ നന്മയല്ലാതെ നന്മയില്ല. നിന്റെ ശകുനമല്ലാതെ മറ്റൊരു ശകുനമില്ല. നീ അല്ലാതെ വേറൊരു ആരാധ്യനില്ല." (അഹ്മദ്)

10. വിസ്മയജനകമായ വല്ലതും സംഭവിച്ചാൽ

سُبْحَانَاللَّه

"അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു". (ബുഖാരി)

11. ഭയം വന്നാൽ

لا إِلَهَ إِلااللَّه

"അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല". (ബുഖാരി)

12. അതിഥി ആതിഥേയർക്ക് വേണ്ടി പ്രാർഥിക്കേണ്ടത്

اللَّهُمَّ بَارِكْ لَهُمْ فِيمَا رَزَقْتَهُمْ وَاغْفِرْ لَهُمْ وَارْحَمْهُمْ

"അല്ലാഹുവേ, അവർക്ക് നൽകിയതിൽ നീ അനുഗ്രഹിക്കുകയും അവർക്ക് പൊറുത്ത് കൊടുക്കുകയും അവർക്ക് കാരുണ്യം ചെയ്യുകയും ചെയ്യേണമേ." (മുസ്‌ലിം)

13. മാസപ്പിറവി കാണുമ്പോൾ

اللَّهُمَّ أَهِلَّهُ عَلَيْنَا بِالأَمْنِ وَالإِيمَانِ، وَالسَّلاَمَةِ وَالإِسْلاَمِ، وَالتَّوْفِيقِ لِمَا تُحِبُّ وَتَرْضَى، رَبُّنَا وَرَبُّكَ اللَّهُ

"അല്ലാഹുവേ, ഇതിനെ നിർഭയത്തോടും വിശ്വസ്തതയോടും സമാധാനത്തോടെയും ശാന്തിയോടും കൂടി ഞങ്ങളിൽ ഉദിപ്പിക്കേണമേ, (ഈ മാസത്തിൽ) നീ തൃപ്തിപ്പെടുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന കർമ്മങ്ങൾ ചെയ്യാൻ നീ തൗഫീഖ് നൽകുകയും ചെയ്യേണമേ, ഞങ്ങളുടെയും നിന്റെയും നാഥൻ അല്ലാഹു തന്നെ." (സ്വഹീഹ് അൽകലിമുത്വയ്യിബ്-132)

14. ലൈലത്തുൽ ഖദ്റിനെ പ്രതീക്ഷിച്ചിരിക്കുമ്പോൾ

اللَّهُمَّ إِنَّكَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّي

"അല്ലാഹുവേ, നീ വിട്ടുവീഴ്ച നൽകുന്നവനും വിട്ടുവീഴ്ച ഇഷ്ടപ്പെടുന്നവനുമാണ്. നീ എന്നോട് വിട്ടുവീഴ്ച ചെയ്യേണമേ." (ഇബ്നു മാജഃ)

15. സയ്യിദുൽ ഇസ്തിഗ്ഫാർ

اللَّهُمَّ أَنْتَ رَبِّي لَا إِلَهَ إِلَّا أَنْتَ خَلَقْتَنِي وَأَنَا عَبْدُكَ وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ لَكَ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ

"അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീ അല്ലാതെ ആരാധ്യ നില്ല. നീ എന്നെ സൃഷ്ടിച്ചു. നിന്റെ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാകുന്നിടത്തോളം നിന്നോടുള്ള കരാറും ഉടമ്പടിയും പാലി ക്കുന്നതാണ്. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്ത് തരേണമേ. നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല." (ബുഖാരി)

16. വേദനയുണ്ടാകുമ്പോൾ

ശരീരത്തിൽ വേദനിക്കുന്ന ഭാഗത്ത് കൈവെക്കുക, **മൂന്ന് തവണ** بِسْمِ اللَّه (അല്ലാഹുവിന്റെ നാമത്തിൽ) എന്ന് പറയുക, തുടർന്ന് ഇപ്രകാരം **ഏഴ് തവണ** പറയുക.

أَعُوذُ بِاللَّهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَأُحَاذِرُ

"എന്നെ ബാധിച്ചതിന്റെയും ഞാൻ ഭയപ്പെടുന്നതിന്റെയും വിഷമത്തിൽ നിന്ന് അല്ലാഹുവിലും അവന്റെ കഴിവിലും ഞാൻ അഭയം തേടുന്നു." (മുസ്‌ലിം)